(എ) സംസ്ഥാനത്ത് എത്ര സഹകരണ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിലൂടെ എത്ര കുട്ടികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ട്;

(സി) സഹകരണ മെഡിക്കൽ കോളേജുകൾക്ക് ആശുപത്രി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇതിനായി എന്തു തുക മുതൽമുടക്ക് വന്നിട്ടുണ്ട്;

(ഇ) ഈ പണം എങ്ങനെയാണ് സമാഹരിച്ചത്?

ഉത്തരം

(എ) രണ്ട് മെഡിക്കൽ കോളേജുകളും, കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ 5 എഞ്ചിനീയറിംഗ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) പരിയാരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്സിന് പ്രതിവർഷം 100 കുട്ടികൾക്കും കൊച്ചി മെഡിക്കൽ കോളേജിൽ 100 കുട്ടികൾക്കും 5 എഞ്ചിനീയറിംഗ് കോളേജുകളിലായി 1260 കുട്ടികൾക്കും പ്രവേശനം നല്കാൻ കഴിയും.

(സി) ഉണ്ട്.

(ഡി) പരിയാരം മെഡിക്കൽ കോളേജിൽ ഉദ്ദേശം 160 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ, ആശുപത്രി ഉൾപ്പെടെയുള്ള മെഡിക്കൽ കോളേജിനായി 52,79,42,161 രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്.

(ഇ) പരിയാരം മെഡിക്കൽ കോളേജിൽ ഹഡ്കോ വായ്പ, സർക്കാർ വായ്പ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഇതര സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽനിന്നുമുള്ള ഷെയറും സ്ഥിര നിക്ഷേപവും വഴിയാണ് പണം സമാഹരിച്ചത്. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ സഹകരണ സ്ഥാപനങ്ങളിൽനിന്നുള്ള ട്രഷറി നിക്ഷേപത്തിന്റെ ഇൻസെന്റീവ് തുക, സഹകരണ സ്ഥാപനങ്ങൾ നൽകിയ സാമ്പത്തിക സഹായം, എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ എന്നീ ഇനങ്ങളിലാണ് ഈ തുക സമാഹരിച്ചിട്ടുള്ളത്.

മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ തെങ്കര ശാഖയുടെ ഉദ്ഘാടനം

85 [1410] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ തെങ്കര ശാഖയുടെ ഉദ്ഘാടനത്തിനുവേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

1,18,010 രൂപയാണ് പ്രസ്തുത ശാഖയുടെ ഉദ്ഘാടനത്തിനുവേണ്ടി ചെലവഴിച്ചിട്ടുള്ളത്. ഇതിൽ പത്രപരസ്യത്തിൽ മറ്റ് സംഘങ്ങളുടെ 'കോംപ്ലിമെന്റ്' പരസ്യ ഇനത്തിൽ 58,000 രൂപ വരവ് വന്നത് കഴിച്ച് ബാക്കി 60,010 രൂപ ആകെ ചെലവായിട്ടുണ്ട്.

കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി അംഗങ്ങളിൽനിന്നും ഈടാക്കേണ്ട തുക

86*[1411] *ശ്രീ. ഇ. എം. അഗസ്തി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ടി. 324-ലെ ഭരണ സമിതി അംഗങ്ങൾക്ക് എതിരെ ബഹു. കേരള ലോകായുക്ത കോടതിയിലെ 234/2000 നമ്പർ പരാതിയിൻമേൽ പുറപ്പെടുവിച്ച ഉത്തരവ് എന്താണ്;

(ബി) ആയതിന് എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചു;

(സി) കോടതി വിധിപ്രകാരമുള്ള തുക അംഗങ്ങളിൽനിന്നും ഈടാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) സഹകരണ സംഘം രജിസ്ട്രാറുടെ 23-5-2003-ലെ 324/2003 നമ്പർ പ്രകാരമുള്ള ഉത്തരവ് പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് പറയാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ലോകായുക്തയിൽ ഫയൽ ചെയ്തിരുന്ന 234/2000 പരാതിയിൻമേൽ ലോകായുക്ത 11-10-2002-ൽ പുറപ്പെടുവിച്ച ഉത്തരവിൽ പരാതിയിലെ ആരോപണം സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറോ, രജിസ്ട്രാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ 1969-ലെ കേരള സഹകരണ നിയമം 65-ഉം 68-ഉം വകുപ്പുകൾ പ്രകാരം അന്വേഷണം നടത്തി 6 മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കി. ആയതിൻമേൽ ഒരു മാസത്തിനകം നടപടി സ്വീകരിച്ച് ലോകായുക്തയിൽ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു.

(ബി) ലോകായുക്തയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ കേരളാ സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തുന്നതിന് ചുമതല

LIBRARY ARCHIVES Kerala Legislative Assembly